# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 124 | 28.05.2019-ൽ മറുപടിക്ക്

## മതതീവ്രവാദസംഘടനകളുടെ സാന്നിധ്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മതതീവ്രവാദസംഘടനകൾ സംസ്ഥാനത്ത് ഒളിത്താവളങ്ങൾ ഉണ്ടാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | മത തീവ്രവാദ സംഘനകൾ സംസ്ഥാനത്ത് ഒളിത്താവളങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരത്തിലുള്ള സംഘടനകൾ സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റും ജനങ്ങളെ തങ്ങളുടെ ആശയങ്ങളിലേക്ക് ആകർഷിക്കുന്നതിന് രഹസ്യ സന്ദേശങ്ങളും മറ്റും കൈ മാറുന്നുണ്ടോ എന്ന് സാമൂഹ്യ മാധ്യമ നിരീക്ഷണങ്ങളിലൂടെയും രഹസ്യാന്വേഷണ നിരീക്ഷണങ്ങളിലൂടെയും അന്വേഷണങ്ങൾ നടത്തി വരുന്നു. |
| (ബി) | മാവോയിസ്റ്റുകളും കേരളത്തെ ഒളിത്താവളമാക്കാൻ ശ്രമിക്കുന്നതായി എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | കേരളത്തിലെ വടക്കൻ ജില്ലകളായ വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിൽ മാവോയിസ്റ്റ് സാന്നിധ്യം സ്ഥിരീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ഇവർക്ക് ഏതെങ്കിലും മതതീവ്രവാദസംഘടനകൾ സഹായം നൽകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) യും (ഡി) യും മാവോയിസ്റ്റുകളോട് ആഭിമുഖ്യമുള്ള ചില മുൻനിര സംഘടനകൾ മത തീവ്രവാദ സംഘടനകളുമായി ആഭിമുഖ്യമുള്ള ചില സംഘടനകളുമായി വേദി പങ്കിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടി സംഘടനകൾ മാവോയിസ്റ്റുകൾക്ക് ഏതെങ്കിലും തരത്തിലുള്ള ധനസഹായം നൽകുന്നതായി അറിവായിട്ടില്ല. |
| (ഡി) ഇതേക്കുറിച്ച് വിശദമായി അന്വേഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

1